നവകേരളം കർമപദ്ധതി

നവകേരളം വാർത്ത

2025 ജൂലൈ വാല്യം 1

ന്യൂസ്‌ലെറ്റർ

ഓൺലൈൻ

54

# കിടപ്പുരോഗികൾക്കും പരിചരണം: കേരള കെയർ പദ്ധതി: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു



സംസ്ഥാനത്തെ കിടപ്പുരോഗികളായ എല്ലാവർക്കും കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെ പ്രവർത്തനത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനം എറണാകുളം കളമശ്ശേരി രാജഗിരി സ്കൂൾ ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളിലൊന്നാണ് സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നവകേരളം കർമപദ്ധതി രണ്ട് ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരം പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചു. കിടപ്പിലായ എല്ലാ രോഗികൾക്കും ശാസ്ത്രീയ പരിചരണം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിലാണ് 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകളേയും കൂട്ടായ്മകളേയും ഗ്രിഡിന്റെ ഭാഗമാക്കും. സന്നദ്ധ സംഘടനകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രാഥമിക രജിസ്ട്രേഷനും ആരോഗ്യ സേവനങ്ങൾ നൽകുന്നവർക്ക് ആരോഗ്യ വകുപ്പിന്റെ രജിസ്ട്രേഷനും നൽകി വരുന്നു. നിലവിൽ 1043 സ്ഥാപനങ്ങൾ ഗ്രിഡിന്റെ ഭാഗമായി.

പ്രയാസമനുഭവിക്കുന്ന രോഗികളെ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പരിചരിക്കാൻ തയ്യാറായ സന്നദ്ധ പ്രവർത്തകരെയും ഗ്രിഡിന്റെ ഭാഗമാക്കി വരുന്നു. അവർക്ക് സന്നദ്ധസേന പോർട്ടൽ (https://sannadhasena.kerala.gov.in/ volunteerregistration) വഴി രജിസ്റ്റർ ചെയ്ത് പാലിയേറ്റീവ് ഗ്രിഡിന്റെ ഭാഗമാകാം. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നവർക്ക് ആവശ്യമായ പരിശീലനവും നൽകും.




സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തുകൾക്ക് ഹരിതകേരളം മിഷൻ അംഗീകാരം നൽകുന്നു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തു നട്ടുപിടിപ്പിച്ച പച്ചത്തുരുത്തുകളിൽ ഏറ്റവും മികച്ച അഞ്ചെണ്ണത്തിനാണ് സംസ്ഥാനതലത്തിൽ പുരസ്കാരം നൽകുന്നത്. ജില്ലാതലത്തിൽ ഓരോ ജില്ലയിലെയും മികച്ച മൂന്ന് പച്ചത്തുരുത്തുകൾക്കു വീതവും അംഗീകാരം നൽകും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലാണ് ഹരിതകേരളം മിഷൻ പച്ചത്തുരുത്ത് പുരസ്കാരങ്ങൾ നൽകുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി, സസ്യശാസ്ത്ര മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച വിദഗ്ധ സംഘം നേരിട്ട് സന്ദർശനം നടത്തി വിലയിരുത്തിയാണ് പച്ചത്തുരുത്തുകളിൽ മികച്ചവയെ കണ്ടെത്തുന്നത്. അഞ്ചുസെന്റു മുതൽ വിസ്തൃതിയുള്ളതും രണ്ട് വർഷത്തിനുമുകളിൽ പ്രായമുള്ളതും മതിയായ വളർച്ചയുള്ളതുമായ പച്ചത്തുരുത്തുകളെയാണ് അംഗീകാരത്തിനായി പരിഗണിക്കുന്നത്. പ്രാദേശിക ജൈവ വൈവിധ്യം, വൃക്ഷ സസ്യ വൈവിധ്യം, വിസ്തീർണ്ണത്തിന് ആനുപാതികമായി തൈകൾ, ജൈവവേലി, നിശ്ചിത മാതൃകയിലുള്ള നാമകരണ ബോർഡ്, പച്ചത്തുരുത്ത് സംഘാടക സംരക്ഷണ സമിതിയുടെ പങ്കാളിത്തം, ചെടികളുടെ ലേബലിങ് തുടങ്ങിയ ഘടകങ്ങളും അംഗീകാരത്തിന് മാനദണ്ഡമാണ്. ജില്ലാതല പുരസ്കാരങ്ങൾ സെപ്റ്റംബർ ആദ്യവാരം വിതരണം ചെയ്യും. സംസ്ഥാനതല പുരസ്കാരം ഓസോൺ ദിനമായ സെപ്റ്റംബർ 16 ന് തിരുവനന്തപുരത്ത് സമ്മാനിക്കും.

2019 ൽ ഹരിതകേരളം മിഷൻ സംസ്ഥാനത്ത് ആരംഭിച്ച പച്ചത്തുരുത്ത് പദ്ധതിയിൽ നാളിതുവരെ 1252.6 ഏക്കറിലായി 3987 പച്ചത്തുരുത്തുകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ, തരിശിടങ്ങൾ, മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ. പൊതുസ്ഥാപനങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൂട്ടമായി തൈകൾ നട്ട് ചെറുവനം സൃഷ്ടിച്ചെടുക്കുന്നതാണ് പച്ചത്തുരുത്ത് പദ്ധതി.

## എഡിറ്റോറിയൽ

# ഒരു തൈ നടാം



പച്ച പുതപ്പിച്ച് ഭൂമിക്ക് സംരക്ഷണ കവചമൊരുക്കുന്നതിൽ മരങ്ങൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. പ്രാണവായു മുതൽ ഒട്ടനവധി ജീവിത ഘടകങ്ങൾ പ്രദാനം ചെയ്യുന്ന മരങ്ങൾ പ്രകൃതിയുടെ യഥാർത്ഥ സംരക്ഷകരാണ്. അന്തരീക്ഷ ഊഷ്മാവിനെ നിയന്ത്രിച്ച് ആഗോള താപനം കുറയ്ക്കുന്നതിലും നിർണ്ണായക സ്വാധീനമാണ് വൃക്ഷങ്ങൾ ചെലുത്തുന്നത്.

ഒരു കോടി വൃക്ഷത്തൈകൾ നട്ടു വളർത്താൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. പ്രാദേശിക ജനതയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കിയാണ് ഇത് നടപ്പിലാക്കുന്നത്. ലോക സൗഹൃദ ദിനത്തോടനുബന്ധിച്ച് സുഹൃത്തുക്കൾക്ക് നട്ടുവളർത്താൻ പരസ്പരം വൃക്ഷത്തൈകൾ കൈമാറി നടത്തിയ ചങ്ങാതിക്കൊരു തൈ ഏറെ ശ്രദ്ധ നേടുകയുണ്ടായി. സ്കൂളുകൾ, കലാലയങ്ങൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ, കുടുംബശ്രീ-അയൽക്കൂട്ടങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷത്തൈ കൈമാറ്റം നടന്നു. ചങ്ങാതിയുടെ പേരിൽ മണ്ണിലൊരു തൈ നട്ട് പരിപാലിക്കുന്നതിലൂടെ മണ്ണും മനുഷ്യനും മരങ്ങളും തമ്മിലുള്ള ജൈവബന്ധം മഹാവൃക്ഷം പോലെ വളരട്ടെ എന്നു നമുക്ക് പ്രത്യാശിക്കാം.

ജൈവ വൈവിധ്യത്തെ പിന്തുണയ്ക്കുക, ആവാസവ്യവസ്ഥകൾ പുനഃസ്ഥാപിക്കുക, ആഗോള കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പരിശ്രമിക്കുക, പ്രകൃതി സൗഹൃദ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുക തുടങ്ങിയ വിഷയങ്ങളിൽ പ്രതിജ്ഞാബദ്ധമാണ് ഹരിതകേരളം മിഷൻ. പ്രകൃതിയുടേയും സമൂഹത്തിന്റേയും വികാസ നിയമങ്ങൾ സൃഷ്ടിക്കുന്ന സമഭാവനയുടെ അന്തരീക്ഷമാണ് നമുക്ക് വേണ്ടത്. അതിൽ മരങ്ങളുടെ പങ്ക് നിസ്തുലമാണ്. പ്രകൃതി പുനഃസ്ഥാപനം, നെറ്റ് സീറോ കാർബൺ കേരളം, എന്നീ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലും മരങ്ങൾ ഇനിയുമേറെ നമ്മുടെ നാട്ടിൽ വച്ചുപിടിപ്പിക്കേണ്ടതുണ്ട്. ഒരു തൈ നടാം ക്യാമ്പയിനിലൂടെ ഇതിനകം 22 ലക്ഷത്തോളം തൈകൾ നട്ടു കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, അയൽക്കൂട്ടങ്ങൾ, തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യവന വൽക്കരണ വിഭാഗം തുടങ്ങിയവയുടെ നേതൃത്വത്തിൽ വ്യാപകമായി വൃക്ഷത്തൈ ഉല്പാദനവും വിതരണവും ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായി നടക്കും. ഈ തൈകളൊക്കെ നട്ടുവളർത്താനുള്ള സാമൂഹിക ഉത്തരവാദിത്തം നാമേവരും ഏറ്റെടുക്കണം.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## 423 ലൈഫ് ഭവനങ്ങളുടെ താക്കോൽ കൈമാറി

കൊല്ലം ജില്ലയിലെ കുലശേഖരപുരം പഞ്ചായത്തിലെ പുതുതായി പണികഴിപ്പിച്ച 423 ഭവനങ്ങളുടെ താക്കോൽ കൈമാറ്റം ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെഎൻ ബാലഗോപാൽ നിർവഹിച്ചു. പഞ്ചായത്തിൽ പദ്ധതി പ്രകാരം 650 വീടുകൾ നിർമ്മിച്ചു. കേരളത്തിൽ ലൈഫ് മിഷനിലൂടെ നാലേമുക്കാൽ ലക്ഷം ഭവനങ്ങൾ പണികഴിപ്പിച്ചു.




മറ്റ് ഭവന പദ്ധതികളിലൂടെയും വീടുകൾ നിർമ്മിച്ചു നൽകുകയാണ്. വീടുകളോടൊപ്പം വിദ്യാഭ്യാസ മേഖലയിൽ മികച്ച പശ്ചാത്തല സൗകര്യം സർക്കാർ ഒരുക്കുന്നു. മെച്ചപ്പെട്ട സൗകര്യങ്ങളോടെയുള്ള ആശുപത്രികൾ, മികച്ച റോഡുകൾ ഒപ്പം കൂടുതൽ തൊഴിൽ അവസരങ്ങളുമായി പുതിയ സംരംഭങ്ങളും ഫാക്ടറികളും ഉയരുകയാണെന്നും മന്ത്രി പറഞ്ഞു. സി ആർ മഹേഷ് എം എൽ എ അധ്യക്ഷനായി. കുലശേഖരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനിമോൾ നിസാം, പഞ്ചായത്ത് അംഗങ്ങൾ, ഗുണഭോക്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## ഏറിയാട് 74 ലൈഫ് ഭവനങ്ങളുടെ താക്കോൽ കൈമാറി

തൃശൂർ ജില്ലയിലെ ഏറിയാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച 74 ഭവനങ്ങളുടെ താക്കോൽ കൈമാറ്റം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. ഏറിയാട് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന സർക്കാരിന്റെയും പഞ്ചായത്തിന്റെയും ഫണ്ടുകൾ ചെലവഴിച്ച് 342 ഭവനങ്ങളാണ് പഞ്ചായത്തിൽ നിർമിക്കുന്നത്. അതിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള 74 ഭവനങ്ങളുടെ താക്കോൽകൈമാറ്റമാണ് ചടങ്ങിൽ നിർവഹിച്ചത്. കൂടാതെ പഞ്ചായത്തിലെ വിവിധയിടങ്ങളിലായി നിർമ്മിച്ച ഓപ്പൺ ജിം, മുഹമ്മദ് അബ്ദുൽ റഹ്മാൻ



സാഹിബ് സ്മാരക കളിസ്ഥലം, സാധാരണക്കാർക്ക് സൗജന്യമായി ഫിസിയോതെറാപ്പി സേവനം ലഭ്യമാക്കാൻ ഗവ. ആയുർവേദാശുപത്രിയിൽ നിർമ്മിച്ച ഫിസിയോതെറാപ്പി ലാബ് തുടങ്ങിയവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

# വിദ്യാഭ്യാസ മികവ് : കേരളം രണ്ടാം സ്ഥാനത്ത്
# കോട്ടുക്കൽ ഗവൺമെന്റ് എൽപിഎസിന് പുതിയ കെട്ടിടം



ദേശീയതലത്തിൽ വിദ്യാഭ്യാസ മേഖലയുടെ മികവ് പരിശോധിക്കാൻ നടത്തിയ അച്ചീവ്മെന്റ് സർവേയിൽ കേരളം രണ്ടാം സ്ഥാനം നേടിയെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. കൊല്ലം ജില്ലയിലെ ചടയമംഗലം കോട്ടുക്കൽ ഗവൺമെന്റ് എൽ.പി.എസ്. സ്കൂളിലെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കഴിഞ്ഞ 9 വർഷത്തിനിടെ 5,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ നടത്തിയത്. പൊതു പരീക്ഷകൾ കൃത്യ സമയത്ത് നടത്തി സമയബന്ധിതമായി റിസൾട്ട് പ്രഖ്യാപിച്ചു. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. കുട്ടികളുടെ അക്കാഡമിക് ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്നും മന്ത്രി കൂട്ടിചേർത്തു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷത വഹിച്ചു. കോട്ടുക്കൽ സർക്കാർ എൽപിഎസ് പ്രധാന അധ്യാപിക എസ്. ഷാനിസ പദ്ധതി അവതരിപ്പിച്ചു.

# ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ
# വിക്ടോറിയൻ പാർലമെന്റ് സമിതിയുടെ അഭിനന്ദനം

കേരളത്തിന്റെ ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനെ അഭിനന്ദിച്ച് വിക്ടോറിയൻ പാർലമെന്റ് സമിതി. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി സെക്രട്ടറിയേറ്റിൽ നടന്ന കൂടിക്കാഴ്ചയിലാണ് സമിതി കേരളത്തിന്റെ ആരോഗ്യ മേഖലയേയും പ്രത്യേകിച്ച് ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനേയും അഭിനന്ദിച്ചത്. കാൻസർ പ്രതിരോധത്തിനും ബോധവൽകരണത്തിനും ചികിത്സയ്ക്കുമായാണ് ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിച്ചതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ലോക കാൻസർ ദിനമായ ഫെബ്രുവരി 4 ന് ആരംഭിച്ച ഈ ക്യാമ്പയിനിലൂടെ 15 ലക്ഷത്തിലധികം പേർക്ക് സ്ക്രീനിംഗ് നടത്തി. ആദ്യഘട്ടത്തിൽ സ്ത്രീകളെ ബാധിക്കുന്ന കാൻസറിനാണ് പ്രാധാന്യം നൽകിയത്. സ്ക്രീനിംഗിൽ പങ്കെടുത്തവരിൽ രോഗം സംശയിച്ചവർക്ക് തുടർ പരിശോധനയും ചികിത്സയും ഉറപ്പാക്കി. ഭൂരിപക്ഷം പേരിലും പ്രാരംഭ ഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കുന്നു.



ഈ ക്യാമ്പയിനിലൂടെ പുരുഷൻമാരുടെ കാൻസർ സ്ക്രീനിംഗും ആരംഭിച്ചിട്ടുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി സ്ക്രീനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 30 വയസിന് മുകളിലുള്ള മുഴുവൻ പേരേയും സ്ക്രീനിംഗ് നടത്തുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. എംപിമാരായ ലീ ടാർലാമിസ് ഓം, പോളിൻ റിച്ചാർഡ്സ്, ബെലിൻഡ വിൽസൺ, ഷീന വാട്ട്, ജൂലിയാന അഡിസൺ തുടങ്ങിയവരുടെ സംഘമാണ് മന്ത്രിയുമായി ചർച്ച നടത്തിയത്.



കാസറഗോഡ് കാഞ്ഞാങ്ങാട് അജാനൂർ ഗ്രാമപഞ്ചായത്തിൽ 3 ഏക്കർ വിസ്തൃതിയിലുള്ള ആനന്ദവനം പച്ചത്തുരുത്ത്, വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. 500ത്തോളം പേർ പങ്കെടുത്തു. 1000 പുതിയ മരങ്ങൾ നട്ടു.

# അന്താരാഷ്ട്ര പ്ലാസ്റ്റിക് ക്യാരിബാഗ് വിരുദ്ധ ദിനം



അന്താരാഷ്ട്ര പ്ലാസ്റ്റിക് ക്യാരിബാഗ് വിരുദ്ധ ദിനത്തിന്റെ ഭാഗമായി ആലപ്പുഴ പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്ത് പറവൂർ ഹൈസ്കൂളിൽ പരിപാടി സംഘടിപ്പിച്ചു . പ്ലാസ്റ്റിക് ക്യാരി ബാഗിന് ബദൽ ഉൽപ്പന്നമായി തുണിസഞ്ചികൾ ഉപയോഗിക്കണം എന്ന സന്ദേശം നൽകിക്കൊണ്ട് സ്കൂളിലെ വിദ്യാർഥികൾ പഴയ തുണി കൊണ്ട് നിർമിച്ച് കൊണ്ടുവന്ന തുണിസഞ്ചികൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിത സതീശൻ ഏറ്റുവാങ്ങി ഉദ്ഘാടനം നിർവഹിച്ചു.

## 'ജീവൻ ': പ്രസവശേഷം ആശുപത്രിയിൽ നിന്ന് കുഞ്ഞുമായി മടങ്ങുന്ന അമ്മയ്ക്ക് വൃക്ഷത്തൈ സമ്മാനം

പ്രസവശേഷം ആശുപത്രിയിൽ നിന്ന് കുഞ്ഞുമായി മടങ്ങുന്ന അമ്മയ്ക്ക് വൃക്ഷത്തൈ സമ്മാനമായി നൽകുന്ന 'ജീവൻ' എന്ന പദ്ധതിയ്ക്ക് തുടക്കമിട്ടു. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലാണ് പദ്ധതിയ്ക്ക് തുടക്കമിട്ടത്. സെക്രട്ടറിയേറ്റിൽ നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ



ജോർജ് എസ്.എ.ടി. ആശുപത്രിയിലെ ടീമിന് വൃക്ഷത്തൈ കൈമാറി. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജബ്ബാർ, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദു, നഴ്സിംഗ് ഓഫീസർമാരായ ജ്യോതി, സജിത എന്നിവർക്കാണ് മന്ത്രി വൃക്ഷത്തൈ കൈമാറിയത്. പ്രസവശേഷം എസ്.എ.ടി. യിൽ നിന്നും ഡിസ്ചാർജായി വീട്ടിലേക്ക് മടങ്ങിയ കുടുംബങ്ങൾക്ക് സൂപ്രണ്ട് വൃക്ഷത്തൈകൾ കൈമാറി.

തലമുറകളുടെ ആരോഗ്യകരമായ നിലനിൽപ്പിന് പ്രകൃതിയുടെ സംരക്ഷണം അനിവാര്യമാണെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ സമ്മാനമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആരോഗ്യ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത് വനം വകുപ്പുമായി ചേർന്നാണ്. പ്രസവം നടക്കുന്ന മറ്റ് ആശുപത്രികളിൽ കൂടി പദ്ധതി വ്യാപിപ്പിക്കും.

## വള്ളികുന്നംഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രസിദ്ധീകരിച്ചു




ആലപ്പുഴ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ ജലബജറ്റ് പ്രസിഡന്റ് ഡി. രോഹിണി പ്രകാശനം ചെയ്തു. വൈസ് പ്രസിഡന്റ് എൻ. മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ.എസ്. രാജേഷ് ജലബജറ്റ് പരിചയപ്പെടുത്തി. മുൻ പ്രസിഡന്റ് ബിജി പ്രസാദ്, പഞ്ചായത്ത് സെക്രട്ടറി ശ്രീദേവി, ഹരിതകേരളം ബ്ലോക്ക് റിസോഴ്സ് പേഴ്സൺ രാഹുൽ കൃഷ്ണൻ എന്നിവർ സംസാരിച്ചു.

## കാക്കനാട് ജില്ലാ ജയിലിൽ പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ ഒരു തൈ നടാം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എറണാകുളം കാക്കനാട് ജില്ലാ ജയിലിൽ പച്ചത്തുരുത്ത് ഒരുങ്ങുന്നു. ഉമ തോമസ് എംഎൽഎ ഉദ്ഘാടനം നിർവ്വഹിച്ചു. ജയിലിലെ 40 സെന്റ് സ്ഥലത്ത് ഗെയിൽ ഇന്ത്യ ലിമിറ്റഡ്, ജില്ലാജയിൽ, തൃക്കാക്കര നഗരസഭ എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.



ജില്ലാജയിൽ സൂപ്രണ്ട് എം.എം. ഹാരിസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണിപിള്ള മുഖ്യാതിഥിയായി. ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് ജനറൽ മാനേജർ എം വിജു, വെൽഫെയർ ഓഫീസർ ബേസിൽ, വാർഡ് കൗൺസിലർ സി.സി. വിജു, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ് രഞ്ജിനി, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ റ്റി എസ് ദീപു, ജോയ് ജെഫിൻ, മറ്റു ജയിൽ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## തിരുവമ്പാടി ഇനി ചെമ്പരത്തി ഗ്രാമം



ഒരു തൈ നടാം ക്യാമ്പയിനിന്റെ ഭാഗമായി കോഴിക്കോട് കൊടുവള്ളി ബ്ലോക്കിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ചെമ്പരത്തി ഗ്രാമ മായി മാറി. പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൻ പഞ്ചായത്ത് അങ്കണത്തിൽ ചെമ്പരത്തി ചെടി നട്ടു കൊണ്ട് തിരുവമ്പാടി ചെമ്പരത്തി ഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്തു. അതിനെ തുടർന്ന് ജൂൺ 26 ലഹരി വിമുക്ത ദിനത്തിൽ പഞ്ചായത്തിലെ 2200 ഓളം കുടുംബശ്രീ അംഗങ്ങൾ ഒരേ ദിവസം വീട്ടുമുറ്റത്ത് ചെമ്പരത്തി ചെടി നട്ടു കൊണ്ട് ക്യാമ്പയിനിൽ ഭാഗമായി. ഇനി പൊതു സ്ഥലങ്ങളിലും പാതയോരങ്ങളിലും ചെമ്പരത്തി ചെടികൾ നട്ടു പിടിപ്പിക്കുക എന്നാ ദൗത്യമാണ് ഇവർ ഏറ്റെടുത്തിരിക്കുന്നത്.

# ഒരു തൈ നടാനായ് തൈകളൊരുക്കി ഗ്രീൻ ബ്രിഗേഡ് ഫാം

പരിസ്ഥിതി പുനഃസ്ഥാപനത്തിന് വേറിട്ട മാതൃകയുമായി കണ്ണൂർ പിലാത്തറ കോ-ഓപ്പറേറ്റീവ് കോളേജിലെ ഗ്രീൻ ബ്രിഗേഡ് ടീം. ഒരു തൈ നടാം ജനകീയ ക്യാമ്പയിനു വേണ്ടി വൃക്ഷതൈകൾ ഒരുക്കാൻ കോളേജ് ഫാം എന്ന പേരിൽ നഴ്സറി ഒരുക്കിയാണ് ഗ്രീൻ ബ്രിഗേഡും കോളേജും മാതൃക സൃഷ്ടിക്കുന്നത്. മാവ്, പ്ലാവ്, കവുങ്ങ്, കശുവണ്ടി, നെല്ലി, ചതുരപ്പുളി, ഞാവൽ, കുടംപുളി, മധുര പുളി, അത്തി, ചാമ്പ, മുരിങ്ങ തുടങ്ങിയവയുടെ തൈകൾ വീടുകളിൽ നിന്ന് ശേഖരിച്ച് കൊണ്ടുവന്നാണ് വിദ്യാർത്ഥികൾ നഴ്സറി തയ്യാറാക്കുന്നത്. ഉല്പാദിപ്പിക്കുന്ന തൈകൾ ചെറുതാഴം ഗ്രാമപഞ്ചായത്തിന് കൈമാറും. വൃക്ഷവൽക്കരണ ക്യാമ്പയിനിന്റെ ഭാഗമായ നഴ്സറി ഒരുക്കൽ പരിപാടി കല്യാശ്ശേരി ബ്ലോക്ക് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എ.വി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ.എം. പ്രസീദ് അധ്യക്ഷത വഹിച്ചു. ഗ്രീൻ ബ്രിഗേഡ് കോർഡിനേറ്റർ ബിന്ദു ടി.വി. സ്വാഗതവും, ഗ്രീൻ ബ്രിഗേഡ് വളണ്ടിയർ കുമാരി കീർത്തന ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു. പരിപാടിയിൽ ചെറുതാഴം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും കോളേജ് അധ്യാപകരും ജീവനക്കാരും പങ്കെടുത്തു.



## സ്ഥലനാമ വൃക്ഷങ്ങളുടെ തൈ ശേഖരണം കർമപരിപാടി

ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ പരിപാടിയുടെ ഭാഗമായി സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട വൃക്ഷതൈകൾ ശേഖരിച്ച് നട്ട് പച്ചത്തുരുത്ത് ഒരുക്കാനുള്ള കർമ്മ പരിപാടി കണ്ണൂർ ഹരിതകേരളം മിഷൻ തയ്യാറാക്കി. നാട്ടു പ്രദേശങ്ങളുടെ പേരിൽ അറിയപ്പെടുന്ന ധാരാളം വൃക്ഷങ്ങൾ സംസ്ഥാനത്ത് ഉണ്ട്. ചെന്തുരുണി എന്ന വന്യമൃഗസങ്കേതം ഉള്ള സ്ഥലത്തെ ഓർമ്മിപ്പിക്കുന്ന ചെങ്കുറുഞ്ഞി, തളിപ്പറമ്പിനടുത്ത് പൂവ്വത്തെ ഓർമ്മിപ്പിക്കുന്ന പൂവം, തവിടിശ്ശേരി എന്ന സ്ഥലത്തെ ഓർമ്മിപ്പിക്കുന്ന തവിടി, പെരിങ്ങോം വയക്കരയിലെ ചൂരൽ എന്ന സ്ഥലത്തെ ഓർമിപ്പിക്കുന്ന ചൂരൽ, മാത്തിലിന് സമീപത്തെ സ്ഥലത്തെ ഓർമിപ്പിക്കുന്ന കുറുക്കുട്ടി, മുണ്ടേരി പഞ്ചായത്തിലെ കാഞ്ഞിരങ്ങാട് എന്ന സ്ഥലത്തെ ഓർമ്മിപ്പിക്കുന്ന കാഞ്ഞിരം, പയ്യന്നൂരിലെ ഏച്ചിലാം വയൽ എന്ന സ്ഥലത്തെ ഓർമ്മിപ്പിക്കുന്ന ഏച്ചിൽ, പയ്യാവൂരിനടുത്ത് ചമതച്ചാൽ എന്ന സ്ഥലത്തെ ഓർമ്മിപ്പിക്കുന്ന ചമത, കടമ്പേരിയേയും കടമ്പൂരിനേയും ഓർമ്മിപ്പിക്കുന്ന കടമ്പ് തുടങ്ങി നിരവധി വൃക്ഷങ്ങളുടെ പേരുകൾ നാട്ടു പ്രാദേശങ്ങളുമായി ബന്ധപ്പെട്ടതായുണ്ട്. ഇത്തരം വൃക്ഷങ്ങൾ ശേഖരിച്ച് നട്ടു വളർത്തുകയാണ് ലക്ഷ്യം. ഇത്തരം തൈകൾ ശേഖരിച്ചു നല്കാൻ താല്പര്യമുള്ളവർ 8848383325 / 9744333345 എന്നീ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

## പച്ചത്തുരുത്തുകൾക്ക് പുതുജീവൻ

എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അങ്കണത്തിൽ കഴിഞ്ഞവർഷം ആരംഭിച്ച പച്ച തുരുത്തിൽ നശിച്ചുപോയ തൈകൾക്ക് പകരം പുതിയ തൈകൾ വയ്ക്കുന്നതിന്റെ ഉദ്ഘാടനം ഉപഭോക്തൃ തർക്ക പരിഹാര



കമ്മീഷൻ പ്രസിഡന്റ് ഡി.ബി. ബിനുവും ഡിവിഷൻ കൗൺസിലർ ബിന്ദു ശിവനും ചേർന്ന് നിർവഹിച്ചു. ചടങ്ങിൽ കൊച്ചി നഗരസഭ ഹെൽത്ത് ഓഫീസർ ഡോക്ടർ ഗോപകുമാർ ആർ എസ്, ഉപഭോക്തൃ കമ്മീഷൻ മെമ്പർമാരായ വി.രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ, അസിസ്റ്റന്റ് രജിസ്ട്രാർ നിതിൻ മാത്യൂസ് കുര്യൻ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ നിസ നിഷാദ്,സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സുരേഷ് വി വി, വിനിത കെ രവി തുടങ്ങിയവർ സംസാരിച്ചു.

## ക്രിട്ടിക്കൽ,സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലെ ജലസുരക്ഷയ്ക്ക് കർമപദ്ധതി

ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലെ ജലസുരക്ഷാ പ്രവർത്തനങ്ങളുടെ കർമപദ്ധതി തയ്യാറാക്കാൻ കാസർഗോഡ് ഹരിതകേരളം മിഷൻ ജില്ലാ സാങ്കേതിക സമിതി യോഗം ജൂൺ 25 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്നു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞ യോഗത്തിൽ ചെറുകിട ജലസേചനം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലാലി ജോർജ് യോഗ നടപടികൾ നേതൃത്വം നൽകി. 2025-26 വാർഷിക പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രധാനമായും ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്കുള്ള തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ക്രിട്ടിക്കൽ സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലെ ജലസുരക്ഷാ തുടർപ്രവർത്തനങ്ങളെ കുറിച്ച് ഹരിതകേരളം മിഷൻ നൽകിയ പ്രവർത്തന നിർദ്ദേശങ്ങൾ വിലയിരുത്തി. ജലസുരക്ഷാ രംഗത്തെ അനുഭവങ്ങൾ സിആർഡി ഡയറക്ടർ ഡോ. ശശികുമാർ വിശദീകരിച്ചു. ജില്ലയിലെ ഭൂജലവിതാനം ഉയർത്താൻ സ്വീകരിക്കേണ്ട ഇടപെടലുകളുടെ വിശദാംശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

# പ്രിയദർശിനി കോളേജിൽ പച്ചത്തുരുത്ത്

മലപ്പുറം മേൽമുറി പ്രിയദർശിനി കോളേജിൽ പുതിയ പച്ചത്തുരുത്ത് പ്രഖ്യാപനം നടത്തി. ജൈവവൈവിധ്യങ്ങളുടെ തണൽ ഒരുക്കിയാണ് പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നത്. പച്ചത്തുരുത്തുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പ്രാദേശിക സമിതികൾ രൂപീകരിക്കും. പ്രിയദർശിനി കോളേജിലെ എൻഎസ്എസ് വിഭാഗത്തിന്റെ സഹകരണത്തോടെയാണ് പച്ചത്തുരുത്ത് നിർമ്മിച്ചിട്ടുള്ളത്. പച്ചത്തുരുത്ത് പ്രഖ്യാപന പരിപാടിയിൽ ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ ഡോക്ടർ സീമ പി, പ്രിൻസിപ്പൽ പ്രൊഫ. എം. ശാന്തകുമാർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ കെ സുരേന്ദ്രൻ, അധ്യാപകരായ ആതിര പി, സുജിൽ, ഹരിത എന്നിവർ പങ്കെടുത്തു.




# ഹരിതകേരളം മിഷന്റെ - ക്ഷിപ്രവനം പച്ചത്തുരുത്ത് ഉദ്ഘാടനം

ഹരിതകേരളം മിഷന്റെയും ലയൺസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സെൻട്രൽ പ്രിസൺ, തൃശൂർ വിയ്യൂരിൽ ക്ഷിപ്രവനം (അതിവേഗത്തിൽ ഫലം തരുന്ന വൈവിധ്യമാർന്ന ഫലവൃക്ഷങ്ങളുടെ തോട്ടം) തൈകൾ നട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ഉദ്ഘാടനം നിർവ്വഹിച്ചു. ജയിൽ സൂപ്രണ്ട് കെ. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ലയൺസ് ജില്ലാ ഗവർണ്ണർ പി.എം. ജെ.എഫ്. ലയൺസ് ജെയിംസ് വളപ്പില മുഖ്യാതിഥിയായി.



60 സെന്റിൽ അതിവേഗത്തിൽ ഫലം തരുന്ന റംബുട്ടാൻ, പേര, മാതളം, ഞാവൽ, സീതപ്പഴം, മരമുന്തിരി, മധുര ഓറഞ്ച്, മുസംബി, ഇലന്തപ്പഴം, മുട്ടപ്പഴം, മാങ്കോസ്റ്റിൻ, ഡ്രാഗൺ ഫ്രൂട്ട്, ചൈനീസ് ഓറഞ്ച്, അബിയു, വെണ്ണപ്പഴം, അരസ ബോയ്, മൾബറി, ചെറി തുടങ്ങി വിവിധങ്ങളായ ബഡ് ചെയ്ത 100 ഫലവൃക്ഷതൈകളാണ് നട്ടത്. തുടർ പ്രവർത്തനം എന്ന നിലയ്ക്ക് നിലവിലെ ചെടികളിൽ നിന്നും ബഡ് ചെയ്ത് പുതിയ തൈകൾ ഉണ്ടാക്കുന്നതിനുള്ള പോളിഫാം സൗകര്യം വിയ്യൂർ സെൻട്രൽ ജയിലിൽ ഉള്ളതിനാൽ ഭാവിയിൽ ബഡ് ചെയ്ത് തൈകൾ വിൽപ്പനയ്ക്കുള്ള സാധ്യത കൂടി വിഭാവനം ചെയ്യുന്നുണ്ട്.

കൂടാതെ പരിസ്ഥിതി പുനഃസ്ഥാപനവുമായി ബന്ധപെട്ട് വിവിധങ്ങളായ പദ്ധതികൾ കഴിഞ്ഞ കുറേ വർഷങ്ങളായി വിയ്യൂർ സെൻട്രൽ ജയിലിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറികൊണ്ട് അജൈവ മാലിന്യത്തിൽ നിന്നും സമ്പാദ്യം എന്ന രീതിയിലുള്ള മികച്ച പ്രവർത്തനവും വിയ്യൂർ സെൻട്രൽ ജയിലിൽ സാധ്യമാക്കിയിട്ടുണ്ട്. ചടങ്ങിൽ ഹരിതകേരളം മിഷൻ തൃശ്ശൂർ ജില്ലാ കോർഡിനേറ്റർ ദിദിക സി. സ്വാഗതം പറഞ്ഞു.

# നെന്മാറ ബ്ലോക്കിൽ 45 പച്ചത്തുരുത്തുകൾ

പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്കിന്റെ നേതൃത്വത്തിൽ ഏഴ് പഞ്ചായത്തുകളിലായി 45 പച്ചത്തുരുത്തുകൾ ഒരുക്കി. ജൂൺ അഞ്ചുമുതൽ സെപ്റ്റംബർ 30 വരെയുള്ള വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി സ്ഥാപിച്ച ഒമ്പത് പച്ചത്തുരുത്തുകൾകൂടി ഇതിൽ ഉൾപ്പെടും. മൂന്ന് പച്ചത്തുരുത്തുകൾ കൂടി സ്ഥാപിക്കാനുള്ള ഒരുക്കത്തിലാണ്. പേര, സപ്പോട്ട, ചാമ്പ, നാരകം, നാട്ടുമാവ്, പ്ലാവ് തുടങ്ങി 25 ഓളം തൈകളാണ് പച്ചത്തുരുത്തുകളിൽ നട്ടുപിടിപ്പിക്കുന്നത്.

നെന്മാറ പഞ്ചായത്തിൽ ചാത്തമംഗലം പാലത്തിനടുത്ത് ചപ്പാത്തിപ്പുഴയിലെ മൂന്ന് പച്ചത്തുരുത്തുകൾ, എലവഞ്ചേരിയിൽ തൂറ്റിപ്പാടം വാതക ശ്മശാനത്തിനടുത്ത് ഗായത്രിപ്പുഴ തീരത്തെ രണ്ട് പച്ചത്തുരുത്തുകൾ, പല്ലശന വാമല, ചെട്ടിയാർപാടം, തല്ലുമന്ദം എന്നിവിടങ്ങളിൽ നാല് പച്ചത്തുരുത്തുകൾ, മേലാർകോട് ആറ്റാലക്കടവിൽ ഒരു പച്ചത്തുരുത്ത് തുടങ്ങിയവയാണ് പ്രധാന പച്ചത്തുരുത്തുകൾ. കൂടാതെ വിവിധ



സ്കൂളുകളിലും പച്ചത്തുരുത്ത് നിർമിച്ചു.

# കിഴക്കഞ്ചേരി ഖാദി ഗ്രാമോദയ സംഘം വളപ്പിൽ പച്ചത്തുരുത്ത്

പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് തലത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന ഒരു തൈ



നടാം വൃക്ഷവൽക്കരണം ക്യാമ്പയിൻ ഉദ്ഘാടനം കെ. ഡി. പ്രസന്നൻ എം.എൽ.എ. നിർവഹിച്ചു. മമ്പാട് ഖാദി ഗ്രാമോദയ സംഘം വളപ്പിൽ 80 സെന്റ് സ്ഥലത്തു നിർമ്മിക്കുന്ന പച്ചത്തുരുത്തിന്റെ ഉദ്ഘാടനവും എം.എൽ.എ നിർവഹിച്ചു. പ്രസിഡന്റ് കവിത മാധവൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് രാധാകൃഷ്ണൻ, തൊഴിലുറപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് ജീവനക്കാർ, ഹരിതകേരളം മിഷൻ ഹരിതകർമസേന പ്രതിനിധികൾ, കൃഷി ഓഫീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഹരിതടൂറിസം പദ്ധതിയുമായി വിതുര പഞ്ചായത്ത്

'മാലിന്യമുക്തം നവകേരള'ത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിൽ ഹരിത ടൂറിസം പദ്ധതി. പഞ്ചായത്തിലെ ആറ് ടൂറിസ്റ്റ് കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതാണ് പദ്ധതി. ബോണക്കാട്, വാഴ്വാംതോൽ വെള്ളച്ചാട്ടം, പേപ്പാറ വന്യജീവി കേന്ദ്രം, കല്ലാർ ഗോൾഡൻ വാലി വെള്ളച്ചാട്ടം, താവയ്ക്കൽ കടവ് എന്നിവിടങ്ങൾ ഉൾപ്പെടുത്തിയാണ് ഹരിത ടൂറിസം യാഥാർത്ഥ്യമാക്കുന്നത്. ഇതിന്റെ ഭാഗമായി ഈ ആറ് ഇടങ്ങളിലും മാലിന്യ സംസ്കരണ ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, ബോധവൽകരണ ബോർഡുകൾ എന്നിവ സ്ഥാപിച്ചു. ഇവിടത്തെ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ വിദഗ്ധരുടെ നേതൃത്വത്തിൽ വിലയിരുത്തുകയും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. മാലിന്യം നിയന്ത്രിക്കുന്നതിനു വേണ്ട രൂപരേഖയും തയ്യാറാക്കി.

# ജലഗുണനിലവാര പരിശോധനാ ലാബ് - പരിശീലനം സംഘടിപ്പിച്ചു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹയർസെക്കൻഡറി സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള ജലഗുണനിലവാര പരിശോധനാ ലാബുകളിൽ ജലഗുണനിലവാര പ്രാഥമിക പരിശോധന ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പരിശീലനം പത്തനംതിട്ട കോന്നി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ചു.

കിണറുകളും കുളങ്ങളും ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകളിലെ ഗുണനിലവാരം പരിശോധിക്കുന്നതിന്റെ ഭാഗമായി



ഹയർസെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി ലാബിനോട് ചേർന്ന് ഹരിതകേരളം മിഷൻ ജലഗുണ നിലവാര പരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

കോന്നി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ കെമിസ്ട്രി വിഭാഗം അധ്യാപിക ശ്രീലത പരിശീലനത്തിന് നേതൃത്വം നൽകി. ഹരിതകേരളം മിഷൻ ആർ.പി.മാരും, ഇന്റേൺഷിപ്പ് ട്രെയിനിമാരും ക്ലാസുകൾ നയിച്ചു. ലാബുകൾ സ്ഥാപിച്ചിട്ടുള്ള ഹയർസെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി അധ്യാപകരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

# പട്ടാമ്പി ബ്ലോക്ക് ജലബജറ്റ് റിപ്പോർട്ട് പ്രകാശനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പാലക്കാട് ജില്ലയിൽ ഊർജ്ജിതമായി പുരോഗമിക്കുന്നു. ജില്ലയിൽ തൃത്താല നിയോജക മണ്ഡലം, ചിറ്റൂർ, ആലത്തൂർ, കുഴൽമന്ദം, പട്ടാമ്പി ബ്ലോക്കുകളിലും 36 ഗ്രാമപഞ്ചായത്തുകളിലും ഇതിനകം ജലബജറ്റ് തയ്യാറാക്കി പ്രകാശനം ചെയ്തു.

പട്ടാമ്പി ബ്ലോക്കിന്റെ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഗീത മണികണ്ഠൻ തിരുവേഗപ്പുറ



ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.എ.അസീസിന് കൈമാറി നിർവ്വഹിച്ചു. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സുപ്രഭ സ്വാഗതം പറഞ്ഞ ചടങ്ങിൽ ബ്ലോക്ക് വൈസ് പ്രസിഡണ്ട് റഷീദ് അധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി ജലബജറ്റ് റിപ്പോർട്ട് വിഷയാവതരണം നടത്തി.

## കണ്ണൂർ സെൻട്രൽ ജയിലിൽ ജല ബിൽ 34 ലക്ഷം കുറഞ്ഞു

കണ്ണൂർ സെൻട്രൽ ജയിലിനകത്ത് നാശത്തിന്റെ വക്കിലായ 21 കിണർ വൃത്തിയാക്കി ഉപയോഗിക്കുന്നതിലൂടെ ജയിലിൽ പോയവർഷംമാത്രം ജല അതോറിറ്റി ബില്ലിൽ 34 ലക്ഷം രൂപയുടെ ലാഭം. 2024 ജൂൺ മാസംവരെ വർഷത്തിൽ 55.46 ലക്ഷം രൂപയാണ് ജല അതോറിറ്റിക്ക് ജയിലിൽ നിന്ന് ബില്ലടച്ചത്. എന്നാൽ, 2025 ജൂൺ മാസംവരെ 20.78 ലക്ഷം രൂപ മാത്രമാണ് ബിൽ തുക.

ഹരിതസ്പർശം എന്ന പേരിൽ ജയിലിൽ നടപ്പാക്കിയ കിണർ ശുചീകരണ പരിപാടിയാണ് ലക്ഷ്യം കണ്ടത്. നൂറ്റാണ്ടുകൾവരെ പഴക്കമുള്ള കിണറുകളാണ് ജയിൽ വളപ്പിനുള്ളിലുള്ളത്. പലതും നാശോന്മുഖമായിരുന്നു. അവയാണ് ശുചീകരിച്ചത്. ജയിലിലെ ആശ്യത്തിന് പരമാവധി കിണറിൽനിന്നുതന്നെ വെള്ളമെടുക്കണമെന്ന നിർദേശവും ലക്ഷ്യം കണ്ടു. ജയിലിൽനിന്ന് പുറത്തേക്കൊഴുകുന്ന മലിനജലം ശുചീകരിച്ച് കൃഷിക്കും മറ്റും ഉപയോഗിച്ചതും ഗുണകരമായി.

വെള്ളം ശുചീകരണ പ്ലാന്റ് നിർമിക്കാൻ 75 ലക്ഷം രൂപയോളം ചെലവാകുമെന്ന റിപ്പോർട്ട് നിലനിൽക്കെയാണ് മണൽ, കരി, ചകിരി, മെറ്റൽ എന്നിവ ഉപയോഗിച്ച് പരമ്പരാഗത രീതിയിൽ വെള്ളം ശുചീകരിച്ചത്. ഇതിനായി അന്തേവാസികളുടെ സേവനവും പ്രയോജനപ്പെടുത്തിയെന്ന് ജയിൽ സൂപ്രണ്ട് കെ വേണു പറഞ്ഞു.

## ഊർജ്ജ സംരക്ഷണ സെമിനാർ

കോഴിക്കോട് പെരുമണ്ണ ഗ്രാമപഞ്ചായത്ത് ഊർജ്ജ സംരക്ഷണ സെമിനാർ സംഘടിപ്പിച്ചു. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ - ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിശ്വശാന്തി ഫൗണ്ടേഷന്റെ സഹകരണത്തോടെ ഹരിതകേരളം മിഷനും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. ഊർജ്ജ സംരക്ഷണ സെമിനാർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഷാജി പുത്തലത്ത് ഉദ്ഘാടനം ചെയ്തു. ഊർജ്ജ സംരക്ഷണ പ്രവത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിൽ എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പഞ്ചായത്ത് കെട്ടിടത്തിൽ 10 കിലോ വാട്ട് സോളാർ സ്ഥാപിക്കുകയും ചെയ്തു.

വീടുകളിലും സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഇടപെടുന്നതു സംബന്ധിച്ച അവബോധം സൃഷ്ടിക്കുക പ്രധാന ഉദ്ദേശത്തോടെ നടത്തിയ സെമിനാറിൽ എനർജി മാനേജ്മെന്റ് സെന്റർ റിസോഴ്സ് പേഴ്സൺ അഡ്വ. പി. ജാനകി ക്ലാസ്സെടുത്തു.

ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.ടി.പ്രസാദ്, വിശ്വശാന്തി ഫൗണ്ടേഷൻ പ്രോജക്ട് കോർഡിനേറ്റർ ഉണ്ണിമായ മനോഹരൻ, പഞ്ചായത്ത് അസി.സെക്രട്ടറി എൻ.സുരേഷ് കുമാർ, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ കൺസൾട്ടന്റ് ടി.പി.രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.




ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി സുഹൃത്തുക്കൾക്ക് നട്ടു വളർത്താൻ വൃക്ഷത്തൈകൾ പരസ്പരം കൈമാറുന്ന ചങ്ങാതിക്കൊരു തൈ പരിപാടിക്ക് മികച്ച പ്രതികരണം. സ്കൂളുകളിൽ നടന്ന വൃക്ഷത്തൈ കൈമാറൽ ദൃശ്യങ്ങൾ.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246